# ആമുഖം

ഇടുക്കി ജില്ലയിൽ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ അറക്കുളം ഉപജില്ലയിൽപ്പെട്ടതും അറക്കുളം ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡായ മൂലമറ്റം കെ.എസ്.ഇ.ബി. കോളനി എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നതാണ് ഐ.എച്ച്.ഇ.പി. ഗവ. യു.പി.സ്കൂൾ. പശ്ചിമഘട്ടമലനിരകൾക്കിടയിൽ സ്ഥിതിചെയ്യുന്ന ഒരു കൊച്ചുതാഴ്വാര ഗ്രാമമാണ് മൂലമറ്റം. വർഷങ്ങൾക്ക് മുൻപ് മലയരയ, ഊരാളി തുടങ്ങിയ ആദിവാസി വിഭാഗങ്ങളുടെ ആവാസകേന്ദ്രമായിരുന്നു ഈ പ്രദേശം. വനനിബിഡമായി കിടന്ന ഈ സ്ഥലത്ത് 1964-65 കാലഘട്ടത്തിൽ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ ഭാഗമായി മൂലമറ്റം പവർഹൗസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശീയരല്ലാത്ത അനേകം ജനങ്ങൾ ഈ ഗ്രാമപ്രദേശത്ത് എത്തിച്ചേരുകയും കുടുംബമായി താമസിക്കാൻ നിർബന്ധിതരാകുകയും ചെയ്തു. തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് ഒരു സ്കൂൾ തുടങ്ങണമെന്ന് തൊഴിലാളികൾ ആഗ്രഹിക്കുകയും തൽഫലമായി കെ.എസ്.ഇ.ബി. ഉന്നതാധികാരികൾ മുൻകൈയ്യെടുത്ത് കെടിടത്തിനും മറ്റു ഭൗതികസാഹചര്യങ്ങൾക്കും സ്ഥലം അനുവദിക്കുകയും കെട്ടിടനിർമ്മാണം കെ.എസ്.ഇ.ബി. ഏറ്റെടുത്ത് നിർമ്മിച്ചുനൽകുകയും ചെയ്തു. അങ്ങനെ ഇടുക്കി ഹൈഡ്രോഇലക്ട്രിക് പ്രോജക്ടിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ കുട്ടികളെയും തദ്ദേശവാസികളായ കുട്ടികളെയും ഉൾപ്പെടുത്തി 1966-67 അധ്യയനവർഷത്തിൽ ആദ്യ ബാച്ച് സ്കൂളിൽ ആരംഭിച്ചു. 1 മുതൽ 4 വരെ ക്ലാസ്സുകളാണ് ആദ്യം ആരംഭിച്ചത്. 166 കുട്ടികളാണ് ആദ്യവർഷം സ്കൂളിൽ എത്തിച്ചേർന്നത്. ശ്രീ. നാരായണൻ സാർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. ഒന്നാം ക്ലാസ്സിലെ അധ്യാപിക ശ്രീമതി മണി ടീച്ചർ ആയിരുന്നു. സാറാമ്മ ടീച്ചർ, ഭാസ്കരൻസാർ എന്നിവരും അധ്യാപകരായി ഉണ്ടായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ധാരാളം കുട്ടികൾ സ്കൂളിലെത്തിച്ചേരുകയും സ്കൂളിനെ അപ്ഗ്രേഡ് ചെയ്യണമെന്ന് രക്ഷിതാക്കളും അധ്യാപകരും താൽപര്യപ്പെടുകയും ചെയ്തു. തുടർ നടപടികളുടെ ഫലമായി 1971-72 അധ്യയന വർഷത്തിൽ അപ്പർ പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചു. സ്കൂൾ ആരംഭം മുതൽക്കെ സ്കൂളിലെ കുട്ടികളുടെ എല്ലാ കഴിവുകളും പരിപോഷിപ്പിക്കുന്നതരത്തിലുള്ള പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഒരുക്കുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ശ്രീ. പുരുഷോത്തമൻ സാർ, ഏലിയാമ്മ ടീച്ചർ, മണി ടീച്ചർ, തങ്കമണി ടീച്ചർ. ഷൈലി സാർ, പങ്കജാക്ഷൻ സാർ, പുരുഷൻ സാർ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസപരമായും കായികപരമായും കലാപരമായും ഈ സ്കൂളിലെ കുട്ടികളുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചു.